# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 1234** 12.06.2014- ൽ മറുപടിക്ക്

## റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള കേബിളുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന്<br>,, പി. ഉബൈദുള്ള<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, സി. മമ്മൂട്ടി | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിട്ടുള്ള കേബിളുകൾ യാത്രക്കാർക്കും വാഹനങ്ങൾക്കും അപകട കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) സുരക്ഷാമാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്നും, അനധികൃതമായി കേബിളുകൾ സ്ഥാപിച്ചിട്ടില്ലെന്നും, അങ്ങനെയുള്ളവ നീക്കം ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇവ പരിശോധിക്കേണ്ട ചുമതല ഹൈവെ അതോറിറ്റി ആയ ജില്ലാതല എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. വാഹന ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള തടസ്സങ്ങൾ നീക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. പുതുതായി പദ്ധതികൾ ഏറ്റെടുത്തു നടത്തുമ്പോൾ ഇത്തരത്തിൽ തടസ്സമായി നിൽക്കുന്ന കേബിളുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. |
| (സി) വൈദ്യുതി ബോർഡിനെ കമ്പനിയാക്കുമ്പോൾ പൊതുമരാമത്ത് റോഡുകളിലൂടെയുള്ള ഓവർഹെഡ്, അണ്ടർ ഗ്രൗണ്ട് വൈദ്യുതി ലൈനുകളും, കേബിളുകളും സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത് എന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ? | (സി) | വൈദ്യുതി ബോർഡ് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കമ്പനിയായതിനാൽ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ